CATHOLIC ARCHDIOCESE OF MELBOURNE

# കുട്ടികളെയും ചെറുപ്പക്കാരെയും സംരക്ഷിക്കൽ നയം

## പോളിസി അഡ്മിനിസ്ട്രേഷൻ ഷെഡ്യൂൾ

| | |
|---|---|
| **നയത്തിന്റെ ഉടമ** | **ഡയറക്ടർ, പ്രൊഫഷണൽ സ്റ്റാൻഡേർഡ്സ് യൂണിറ്റ് (Professional Standards Unit)** |
| **നയം ബാധകമാകൽ** | **മെൽബൺ കത്തോലിക്കാ അതിരൂപതയിലെ എല്ലാ പുരോഹിതന്മാരും ജീവനക്കാരും സന്നദ്ധപ്രവർത്തകരും, കാത്തലിക് എഡ്യൂക്കേഷൻ മെൽബൺ (Catholic Education Melbourne), കാത്തലിക് ഡെവലപ്മെന്റ് ഫണ്ട് (Catholic Development Fund), കാത്തലിക് കെയർ (CatholicCare), വില്ല മരിയ കാത്തലിക് ഹോംസ് (Villa Maria Catholic Homes) അതിരൂപതയുടെ സ്കൂളുകൾ (Schools of the Archdiocese) എന്നിവയിലെ സ്റ്റാഫ് ഒഴികെ)** |
| **അംഗീകാരം നൽകുന്ന അധികൃതർ** | **മെൽബണിലെ കത്തോലിക്കാ ആർച്ച് ബിഷപ്പ് (Catholic Archbishop of Melbourne)** |
| **ഉദ്ഘാടന അംഗീകാര തീയതി** | **9 ജൂലൈ 2019**<br>സിഎ്എം (CAM) ബാല സുരക്ഷാ നയം (Child (Safety Policy), മേ അവർ ചിൽഡ്രൻ ഫ്ളറിഷ് കോഡ് ഓഫ് കോണ്ടക്ട് ഫോർ കെയറിംഗ് ഓഫ് ചിൽഡ്രൻ (May Our Children Flourish Code of Conduct for Caring for Children) എന്നിവയുടെ പുനസ്ഥാപനം |
| **അടുത്ത അവലോകന തീയതി** | **ഇനിപ്പറയുന്നവയുടെ ഫലമായി 2020 ജൂലൈയിലെ വാർഷിക അവലോകന തീയതിക്ക് മുമ്പായി പതിപ്പ് 1 ഭേദഗതിക്ക് വിധേയമായേക്കാം:**<br>- **ബന്ധപ്പെട്ടവരിൽ നിന്നുള്ള പ്രസക്തമായ ഫീഡ്ബാക്ക്**<br>- **നിയമനിർമ്മാണ മാറ്റങ്ങൾ**<br>- **നിർണ്ണായകമായ സംഭവങ്ങളുടെ അവലോകനം**<br>**നിരന്തരമായ മെച്ചപ്പെടുത്തൽ പ്രോത്സാഹിപ്പിക്കുന്നതിന്.** |

| | |
|---|---|
| **അനുബന്ധ പ്രമാണങ്ങളും നയങ്ങളും** | **വർക്കിംഗ് വിത്ത് ചിൽഡ്രൻ ചെക്ക് പ്രോട്ടോക്കോൾ** **(**Working with Children Check Protocol**)**<br>**ദേശീയ പോലീസ് ചെക്ക് നയം (**National Police Check Policy**)**<br>**പ്രൈവസി കംപ്ലയൻസ് അഡ്വൈസ്** (Privacy Compliance Advice**)**<br>**ഇമെയിൽ, ഇന്റർനെറ്റ് പ്രോട്ടോക്കോൾ (**Email and Internet Protocol **)**<br>**സാമൂഹ്യ മാധ്യമ നയം (**Social Media Policy**)**<br>**ജോലിസ്ഥലത്തെ ഭീഷണിപ്പെടുത്തൽ നയം (**Workplace Bullying Policy**)**<br>**ലൈംഗിക പീഡന നയം** (Sexual Harassment Policy)<br>**രൂപതാ ഏജൻസികളിലെ ജീവനക്കാർക്കുള്ള പെരുമാറ്റച്ചട്ടം** (Code of Conduct for Employees of Diocesan Agencies) |

**ആമുഖം**

കുട്ടികളെയും ചെറുപ്പക്കാരെയും ബഹുമാനിക്കുന്ന, അവരുടെ അഭിപ്രായങ്ങൾ കേൾക്കുന്ന, അവർക്ക് സുരക്ഷിതരെന്നു തോന്നുന്ന, പരിപോഷിപ്പിക്കുന്ന പരിസ്ഥിതികൾ സൃഷ്ടിക്കുന്നതിനുള്ള ദൗത്യത്താൽ നയിക്കപ്പെടുന്ന ധാർമ്മികവും നിയമപരവുമായ ഒരു ഉത്തരവാദിത്തം കത്തോലിക്കാ സഭയ്ക്ക് ഉണ്ട്.

**പരിചരിക്കാനുള്ള കടമ**

കുട്ടികളുടെയും ചെറുപ്പക്കാരുടെയും പരിചരണം, സുരക്ഷ, ക്ഷേമം എന്നിവ സഭയുടെ അടിസ്ഥാന ഉത്തരവാദിത്തമായി മെൽബൺ കത്തോലിക്കാ അതിരൂപത (Catholic Archdiocese of Melbourne) (CAM) കരുതുന്നു. ഈ പ്രതിബദ്ധത, സുവിശേഷത്തിന്റെ ഹൃദയഭാഗമായ ഓരോ മനുഷ്യന്റെയും സ്നേഹത്തോടും നീതിയോടും അന്തസ്സോടും കൂടിയ യേശുക്രിസ്തുവിന്റെ പഠിപ്പിക്കലിൽ നിന്നും എടുത്തിട്ടുള്ളതും അതിൽ അന്തർലീനമായതുമാണ്.

**സുരക്ഷയ്ക്കും പങ്കാളിത്തത്തിനുമുള്ള അവകാശം**

കുട്ടികൾക്കും ചെറുപ്പക്കാർക്കും (18 വയസ്സിന് താഴെയുള്ള വ്യക്തിയായി നിർവചിക്കപ്പെടുന്നു) സഭാ ജീവിതത്തിൽ സജീവമായും പൂർണ്ണമായും പങ്കാളികളാകാനും ഒരു വിശ്വാസ സമൂഹത്തിൽ അവരുടെ കഴിവുകൾ തിരിച്ചറിയാനും സഭയ്ക്കുള്ളിലെ സുരക്ഷിത സംസ്കാരം ഉറപ്പാക്കുന്നു. CAM എല്ലാത്തരം ബാല പീഡനങ്ങളോടും മോശമായി പെരുമാറുന്നതിനോടും വിട്ടുവീഴ്ച്ച കാട്ടാതിരിക്കുകയും, ഒപ്പം കുട്ടികളെയും ചെറുപ്പക്കാരെയും ഉപദ്രവത്തിൽ നിന്ന് സംരക്ഷിക്കുന്നതിന് പ്രതിജ്ഞാബദ്ധവുമാണ്.

**ബാലപീഡനം**

കുട്ടികളെ ദുരുപയോഗം ചെയ്യുക അല്ലെങ്കിൽ അവരോട് മോശമായി പെരുമാറുക എന്നതിനെ ഒരു കുട്ടിയുടെയോ ചെറുപ്പക്കാരന്റെയോ ചെറുപ്പക്കാരിയുടെയോ ശാരീരികമോ വൈകാരികമോ ആയ ആരോഗ്യം അല്ലെങ്കിൽ വളർച്ച അപകടത്തിലാക്കുന്ന കൂടാതെ/ അല്ലെങ്കിൽ കുട്ടിയുടെയോ ചെറുപ്പക്കാരന്റെയോ ചെറുപ്പക്കാരിയുടെയോ ആരോഗ്യവും വളർച്ചയും ഗണ്യമായി തടസ്സപ്പെടുത്തുകയോ അപകടസാദ്ധ്യതയിലാക്കുകയോ ചെയ്യുന്ന ഒരു പ്രവൃത്തി എന്നാണ് (അല്ലെങ്കിൽ പ്രവൃത്തികളുടെ പരമ്പര) നിർവചിച്ചിരിക്കുന്നത്.

ദുരുപയോഗത്തിന്റെയും മോശം പെരുമാറ്റത്തിന്റെയും വിഭാഗങ്ങളിൽ ഇവ ഉൾപ്പെടുന്നു:

- ശാരീരിക ദുരുപയോഗം
- ഗ്രൂമിംഗ് ഉൾപ്പെടെയുള്ള ലൈംഗിക ദുരുപയോഗം
- ആത്മീയ ദുരുപയോഗം ഉൾപ്പെടെയുള്ള വൈകാരിക ദുരുപയോഗം
- കുടുംബ അക്രമം
- അവഗണന
- വിവേചനം
- ഭീഷണിപ്പെടുത്തൽ

കുട്ടികളെ ദുരുപയോഗം ചെയ്യുന്നതിനോ മോശമായി പെരുമാറുന്നതിനോ ഉള്ള അടയാളങ്ങളും സൂചകങ്ങളും എല്ലായ്പ്പോഴും പ്രകടമായിരിക്കില്ല. ശാരീരിക

ദുരുപയോഗം മറ്റ് തരത്തിലുള്ള ദുരുപയോഗത്തേക്കാൾ കൂടുതൽ ദൃശ്യമാകാം (ഉദാ. ചതവ്). വേണ്ടത്ര പരിചരണവും ശ്രദ്ധയും നൽകുന്നതിൽ പരാജയപ്പെടുന്നത് അടങ്ങിയിരിക്കുന്നതിനാൽ, അവഗണന തിരിച്ചറിയാൻ പ്രയാസമാണ്. അതുപോലെ, വൈകല്യം, മാനസികരോഗം, കുടുംബ അതിക്രമം, ചർമ്മത്തിന്റെ നിറം അല്ലെങ്കിൽ വംശം, ലിംഗ വ്യക്തിത്വം അല്ലെങ്കിൽ ലൈംഗിക ആഭിമുഖ്യം എന്നിവയുമായി ബന്ധപ്പെട്ട് വിവേചനത്തിനോ ഭീഷണിപ്പെടുത്തലിനോ നിങ്ങൾക്ക് തെളിവ് ഉണ്ടായിരിക്കുകയില്ല. എന്നിരുന്നാലും, ഇത് കുട്ടിയുടെ പെരുമാറ്റത്തിൽ അടയാളങ്ങളോ സൂചനകളോ ഉണ്ടാകാം, ഉദാഹരണത്തിന് സാമൂഹികമായ പിൻവലിയൽ, വിഷാദം.

എല്ലാ കുട്ടികളും ചെറുപ്പക്കാരും ഹാനിയേൽക്കാവുന്നവരാണ്, എന്നാൽ ചില കുട്ടികളും ചെറുപ്പക്കാരും സാധാരണക്കാരേക്കാൾ കൂടുതൽ ദുരുപയോഗത്തിന് സാധ്യതയുള്ളവരാണ്. അവർ മുമ്പ് ദുരുപയോഗം അനുഭവിച്ചവരോ വൈകല്യമുള്ളവരോ സാംസ്കാരികമായും ഭാഷാപരമായും വ്യത്യസ്ത പശ്ചാത്തലങ്ങളിൽ നിന്നുള്ളവരോ, ദാരിദ്ര്യം അല്ലെങ്കിൽ ഭവനരാഹിത്യം അനുഭവിക്കുന്നവരോ അല്ലെങ്കിൽ ഭവന പരിചരണത്തിന് പുറത്തുള്ളവരോ ആയ ആയ കുട്ടികളാണ്. അതുപോലെ, വംശീയത, പാർശ്വവൽക്കരണം, നാടുകടത്തൽ എന്നിവയുടെ ചരിത്രം കാരണം ആദിവാസി, ടോറസ് സ്ട്രെയിറ്റ് ദ്വീപുവാസികളായ കുട്ടികളുടെയും യുവാക്കളുടെയും കുട്ടികളുടെ സുരക്ഷാ ആവശ്യകതകൾ കൂടുതൽ രൂക്ഷമാണ്.

**കുട്ടികളുടെയും ചെറുപ്പക്കാരുടെയും അന്തസ്സ്**

CAM എല്ലാ കുട്ടികളുടെയും യുവാക്കളുടെയും സംഭാവനയെയും അന്തസ്സിനെയും വിലമതിക്കുന്നു, ഒപ്പം കുട്ടികളെയും യുവാക്കളെയും ബാധിക്കുന്ന പ്രോഗ്രാമുകൾ, പ്രവർത്തനങ്ങൾ, ഇവന്റുകൾ എന്നിവയെക്കുറിച്ച് തീരുമാനമെടുക്കുന്നതിൽ അവസരമൊരുക്കുകയും ചെയ്യുന്നു. CAM എല്ലാ കുട്ടികളെയും ചെറുപ്പക്കാരെയും ശാക്തീകരിക്കേണ്ടതിന്റെ ആവശ്യകത, പ്രത്യേകിച്ച് ദുരുപയോഗ സാധ്യത കൂടുതലുള്ളവരെ തിരിച്ചറിയുന്നു. തീരുമാനമെടുക്കുന്നതിൽ അവരുടെ പങ്കാളിത്തം സഭാ സംഘടനകളിലെ ദുരുപയോഗം തടയുന്നതിൽ ഒരു പ്രധാന സംരക്ഷണ ഘടകമാണ്.

**കുട്ടികളുടെ സുരക്ഷ പ്രോത്സാഹിപ്പിക്കുന്നതിന് മാതാപിതാക്കളെയും (രക്ഷിതാക്കളെയും) അറിയിക്കുകയും ഉൾപ്പെടുത്തുകയും ചെയ്യുക**

CAM മാതാപിതാക്കളുടെയും (രക്ഷിതാക്കളുടെയും) പങ്കാളിത്തമില്ലാതെ ഇടവകകൾ, ഏജൻസികൾ, സ്ഥാപനങ്ങൾ എന്നിവയ്ക്കുള്ളിൽ ഫലപ്രദമായ കുട്ടികളുടെ സുരക്ഷ ഏറ്റെടുക്കാൻ കഴിയില്ലെന്ന് അംഗീകരിക്കുകയും കുട്ടികളുടെയും യുവാക്കളുടെയും സുരക്ഷയെ പ്രോത്സാഹിപ്പിക്കുന്നതിൽ മാതാപിതാക്കളെ നിർണായക പങ്കാളികളായി ഉൾപ്പെടുത്താനും ശ്രമിക്കുകയും ചെയ്യുന്നു. ദുരുപയോഗം ചെയ്യപ്പെടാൻ കൂടുതൽ സാധ്യതയുള്ള കുട്ടികളുടെയും ചെറുപ്പക്കാരുടെയും മാതാപിതാക്കളുടെയും രക്ഷിതാക്കളുടെയും ഇടപെടൽ പ്രത്യേകിച്ചും പ്രധാനമാണ്.

**മെൽബണിലെ കാത്തലിക് അതിരൂപതയിലെ (Catholic Archdiocese of Melbourne) കുട്ടികളെയും ചെറുപ്പക്കാരെയും സംരക്ഷിക്കൽ**

കുട്ടികളെ ദുരുപയോഗം ചെയ്യുന്നത് തടയുന്നതിന് ചുവടെ പറയുന്നവയ്ക്ക് അനുരൂപമായ നയങ്ങൾ, നടപടിക്രമങ്ങൾ, പ്രാക്ടീസുകൾ

എന്നിവയിലുടനീളം സജീവമായ സമീപനങ്ങൾ ആവശ്യമാണെന്ന് CAM അംഗീകരിക്കുന്നു:

- ചൈൽഡ് സേഫ് സ്റ്റാൻറേർഡ്സ് (Child Safe Standards) കൂടാതെ (റിപ്പോർട്ടബിൾ കോണ്ടക്ട് സ്കീം (Reportable Conduct Scheme), കമ്മീഷൻ ഫോർ ചിൽഡ്രൻ ആൻറ് യംഗ് പീപ്പിൾ, വിക്ടോറിയ (Commission for Children and Young People, Victoria)
- നാഷണൽ പ്രിൻസിപ്പിൾസ് ഫോർ ചൈൽഡ് സേഫ് ഓർഗനൈസേഷൻസ് (National Principles for Child Safe Organisations) ഓസ്ട്രേലിയൻ മനുഷ്യാവകാശ കമ്മീഷൻ (Australian Human Rights Commission)
- നാഷണൽ കാത്തലിക് സേഫ്ഗാർഡിംഗ് സ്റ്റാൻഡേർഡ്സ് (National Catholic Safeguarding Standards) (കാത്തലിക് പ്രൊഫഷണൽ സ്റ്റാൻഡേർഡ്സ് ലിമിറ്റഡ്) (Catholic Professional Standards Limited)

ഈ ഉത്തരവാദിത്തം നിറവേറ്റുന്നതിൽ, കുട്ടികളുടെ ദുരുപയോഗം തടയുക, കുട്ടികളെയും ചെറുപ്പക്കാരെയും ശാക്തീകരിക്കുക, ആശങ്കകൾ, വെളിപ്പെടുത്തലുകൾ അല്ലെങ്കിൽ കുട്ടികളെ ദുരുപയോഗം ചെയ്യുക അല്ലെങ്കിൽ കുട്ടികളുമായി ബന്ധപ്പെട്ട ദുഷ്പെരുമാറ്റം എന്നിവ തടയുക എന്നീ ലക്ഷ്യങ്ങളോടെ ഇടവകകൾ, ഏജൻസികൾ, എന്റിറ്റികൾ എന്നിവയ്ക്കുള്ളിൽ ശിശു സുരക്ഷാ നയങ്ങൾ, നടപടിക്രമങ്ങൾ, സമ്പ്രദായങ്ങൾ എന്നിവ നടപ്പിലാക്കുന്നതിന് വഴികാട്ടുന്നതിനായി സമഗ്രമായ ഒരു ചട്ടക്കൂട് CAM വികസിപ്പിച്ചിട്ടുണ്ട്.

ഈ നയം ചട്ടക്കൂടിന്റെ വിശാലമായ അവലോകനം നൽകുന്നു, ഒപ്പം പിന്തുണയ്ക്കുന്ന ഉറവിടങ്ങളുമായി ഉദാഹരണത്തിന് നടപ്പാക്കൽ മാർഗ്ഗനിർദ്ദേശങ്ങൾ, ഫാക്റ്റ്ഷീറ്റുകൾ, ടെംപ്ലേറ്റുകൾ എന്നിവയോട് ചേർത്ത് വായിക്കുകയും വേണം.

ഈ നയത്തിന്റെ പ്രയോഗം സഭയ്ക്കുള്ളിലെ അവരുടെ പങ്കിന്റെ പശ്ചാത്തലത്തിൽ പുരോഹിതന്മാർ, ജീവനക്കാർ, സന്നദ്ധസേവകർ, CAMന്റെ ഭൗതിക അതിർത്തികൾക്കുള്ളിൽ (ഉദാ. പള്ളികൾ, പാരിഷ് ഹാളുകൾ, പുരോഹിത ഭവനങ്ങൾ); ഭൗതിക അതിരുകൾക്കപ്പുറം അതായത് അജപാലക പിന്തുണ, പള്ളി ഇതര സ്വത്തുക്കൾ (ഉദാ. ആശുപത്രികൾ, തടങ്കൽ കേന്ദ്രങ്ങൾ, ജയിലുകൾ, വീടുകൾ) ഓൺലൈനിലോ ഡിജിറ്റൽ പരിതസ്ഥിതികളിലൂടെയോ പ്രാദേശികമായി, അന്തർസംസ്ഥാനത്തിലോ വിദേശത്തോ അതിരൂപതയ്ക്ക് പുറത്ത് യാത്ര ചെയ്യുമ്പോഴും, വ്യാപിച്ചുകിടക്കുന്നു:

**സംരക്ഷണ ഉത്തരവാദിത്തങ്ങൾ**

പ്രൊഫഷണൽ സ്റ്റാൻഡേർഡ്സ് യൂണിറ്റ് (Professional Standards Unit) വഴി, ഇടവകകളെയും ഏജൻസികളെയും സ്ഥാപനങ്ങളെയും ആർച്ച് ബിഷപ്പ് ചുവടെ പറയുന്ന കാര്യങ്ങൾക്കായി പിന്തുണയ്ക്കുകയും സഹായിക്കുകയും ചെയ്യുന്നു:

- ഈ നയത്തിൽ വിവരിച്ചിരിക്കുന്ന പരിരക്ഷണ രീതികളും പ്രക്രിയകളും നടപ്പിലാക്കുക
- അതിരൂപതയിലുടനീളമുള്ള പുരോഹിതന്മാർ, ജീവനക്കാർ, സന്നദ്ധപ്രവർത്തകർ എന്നിവരുമായി ബന്ധപ്പെട്ട് കുട്ടികളുടെ സുരക്ഷയുമായി ബന്ധപ്പെട്ട അപമര്യാദ, കുട്ടികളെ ദുരുപയോഗം ചെയ്യുക തുടങ്ങിയ ആരോപണങ്ങൾക്കും റിപ്പോർട്ടുകൾക്കുമുള്ള പ്രതികരണം

എകോപിപ്പിക്കുക.

- സുരക്ഷാ രീതികളും പ്രക്രിയകളും നിരീക്ഷിക്കുകയും നിരന്തരം മെച്ചപ്പെടുത്തുകയും ചെയ്യുക.

കുട്ടികളെയും യുവാക്കളെയും സംരക്ഷിക്കുന്നതിനുള്ള ഓരോ ഇടവക, ഏജൻസി, എന്റിറ്റി എന്നിവയ്ക്കുള്ളിലെ ഈ നയവും പ്രസക്തമായ നടപടിക്രമങ്ങളും നടപടികളും പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനുള്ള ഉത്തരവാദിത്തം CAM ഇടവക, ഏജൻസി, എന്റിറ്റി

നേതൃത്വത്തിനാണ് ഓരോ ഇടവക, ഏജൻസി അല്ലെങ്കിൽ എന്റിറ്റിയുടെയും സേഫ്ഗാർഡിംഗ് കമ്മിറ്റി (Safeguarding Committee) യിലെ നേതൃത്വം ഈ നയത്തിന്റെ അനുവർത്തനം വാർഷിക അടിസ്ഥാനത്തിൽ സംഗ്രഹിക്കാൻ PSU ആവശ്യപ്പെടും.

ഓരോ ഇടവക, ഏജൻസി അല്ലെങ്കിൽ എന്റിറ്റിക്കുള്ളിലും സ്ഥാപിതമായ Safeguarding Committee ഈ നയത്തിന്റെ ആവശ്യകതകൾ നടപ്പിലാക്കുന്നതിന് ഇടവക വികാരി, അല്ലെങ്കിൽ ഏജൻസി അല്ലെങ്കിൽ എന്റിറ്റി നേതാവ് എന്നിവരെ സഹായിക്കുന്നതിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നു.

കൂടാതെ, കുട്ടികളെയും ചെറുപ്പക്കാരെയും സംരക്ഷിക്കുക എന്നത് ഒരു കൂട്ടായ ഉത്തരവാദിത്തമാണ്; കുട്ടികളോടും ചെറുപ്പക്കാരോടും കരുതലോടെയും ആദരവോടെയും സുരക്ഷിതമായും പെരുമാറുന്നതിനുള്ള വ്യക്തമായ പെരുമാറ്റ പ്രതീക്ഷകൾക്ക് അനുസൃതമായി പ്രവർത്തിക്കാനുള്ള തങ്ങളുടെ വ്യക്തിഗത ഉത്തരവാദിത്തം CAM നുള്ളിൽ ശുശ്രൂഷയിലുള്ള, ജോലി ചെയ്യുന്ന അല്ലെങ്കിൽ സന്നദ്ധസേവനം നടത്തുന്ന എല്ലാ വ്യക്തികളും അംഗീകരിക്കുന്നു.

**അതിരൂപതയ്ക്കുള്ളിലുള്ള പുരോഹിതഗണത്തിലെ ഓരോ അംഗത്തിനും, ജീവനക്കാരനും അല്ലെങ്കിൽ സന്നദ്ധ പ്രവർത്തകനും കുട്ടികളെയും ചെറുപ്പക്കാരെയും കരുതുകയും അവരുടെ ക്ഷേമം മെച്ചപ്പെടുത്തുകയും അവരെ ഉപദ്രവം അല്ലെങ്കിൽ ദുരുപയോഗത്തിൽ നിന്ന് സംരക്ഷിക്കുകയും ചെയ്യുന്നതിനുള്ള ധാർമ്മികവും നിയമപരവും നൈതികവുമായ ഒരു ഉത്തരവാദിത്തമുണ്ട്.**

അതിരൂപതാ ഇടവകകളിലും ഏജൻസികളിലും എന്റിറ്റികളിലും ഉൾപ്പെട്ടിരിക്കുന്ന ചുവടെ പറയുന്നവർ ഉൾപ്പെടെയുള്ള എല്ലാവർക്കും ഇത് ബാധകമാണ്:

- ഒരു ഇടവകയുടെ കാനോനിക ഭരണകർത്താക്കൾ ഉൾപ്പെടെയുള്ള എല്ലാ പുരോഹിതന്മാരും (ഉദാ. ബിഷപ്പ്, ഇടവക പുരോഹിതൻ, സഹായക പുരോഹിതൻ, കുടിയേറ്റ ചാപ്ലെൻമാർ, സന്ദർശക പുരോഹിതർ, താമസസ്ഥലത്തുള്ള പുരോഹതർ, സപ്ലൈ പുരോഹിതർ, ഡീക്കന്മാർ)
- ഇടവകയിലോ അതിരൂപതാ എന്റിറ്റികളിലോ ജോലി ഏറ്റെടുക്കുന്നതിന് ആർച്ച്ബിഷപ്പിൽ നിന്നും ഒരു നിയമനം ലഭിച്ചിട്ടുള്ള സിസ്റ്റർമാരും, ബ്രദർമാരും മത പുരോഹിതന്മാരും
- ജീവനക്കാർ (താല്ക്കാലിക ജീവനക്കാരുൾപ്പെടെ)
- സഭാധികാരത്തിൽപ്പെട്ട പുരോഹിതരല്ലാത്ത പാസ്റ്ററൽ അസ്സോസിയേറ്റുകളും ചാപ്ലെൻസിയിൽ ഏർപ്പെട്ടിരിക്കുന്നവരും ഉൾപ്പെടെയുള്ള സുവിശേഷകർ
- സന്നദ്ധ പ്രവർത്തകർ
- സെമിനാരിയന്മാർ

- പ്രെസ്ബിറ്ററിയിൽ അല്ലെങ്കിൽ ഇടവകയുടെ അല്ലെങ്കിൽ ഏജൻസിയുടെ അല്ലെങ്കിൽ എന്റിറ്റിയുടെ സ്ഥലത്ത് വസിക്കുന്ന വ്യക്തികൾ
- പ്ലേസ്മെന്റിലുള്ള വിദ്യാർത്ഥികൾ
- കോൺട്രാക്ടർമാർ (ബാധകമായിടത്ത്)

CAM സേഫ്ഗാർഡിംഗ് ചിൽഡ്രൻ ആൻഡ് യങ് പീപ്പിൾ പോളിസി (Safeguarding Children and Young People Policy), വിദ്യാഭ്യാസത്തിലും ആരോഗ്യത്തിലും ക്ഷേമത്തിലും ഏർപ്പെട്ടിരിക്കുന്ന ഒരു ശ്രേണി CAM സംഘടനകളിലുള്ള സമാനമായ നയങ്ങളുടെ വികസനത്തിന് സമാന്തരമാണ്. കാത്തലിക് കെയർ (CatholicCare), കാത്തലിക് എജ്യുക്കേഷൻ മെൽബൺ (Catholic Education Melbourne), കാത്തലിക് സിസ്റ്റമിക് സ്കൂളുകൾ, മാന്നിക്സ് കോളജ് , Mannix College), വില്ല മരിയ കാത്തലിക്സ് ഹോംസ് (Villa Maria Catholic Homes) ഇവയ്ക്കെല്ലാം സുരക്ഷിതമാക്കുന്ന നയങ്ങളും ഈ സംഘടനകളിൽ ജോലി ചെയ്യുന്നതോ സന്നദ്ധ പ്രവർത്തനം ചെയ്യുന്നതോ ആയ ഉദ്യോഗസ്ഥർ ഈ നയങ്ങളാൽ നയിക്കപ്പെടുന്നതും സി.എ.എം. സേഫ്ഗാർഡിംഗ് ചിൽഡ്രൻ ആൻഡ് യങ് പീപ്പിൾ ഫ്രെയിംവർക്കിനാൽ (CAM Safeguarding Children and Young People Framework) ബാധ്യതയുള്ളവരായിരിക്കുന്നതുമല്ല.

**സുരക്ഷാ ഉദ്യോഗസ്ഥർ**

**തെരഞ്ഞെടുക്കലും റിക്രൂട്ട്മെന്റും സ്ക്രീനിംഗും**

കുട്ടികളുമായും യുവജനങ്ങളുമായും ഇടവകകളുടെയും ഏജൻസികളുടെയും എന്റിറ്റികളുടെയും പശ്ചാത്തലത്തിൽ സുരക്ഷിതവും പരിപോഷിപ്പിക്കുന്നതുമായ ഇടപെടലുകൾ ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള അന്വേഷണത്തിൽ CAM, ബാല പീഡനം ഉണ്ടാകുവാനുള്ള അപകടസാധ്യത പരമാവധി കുറയ്ക്കുന്നതിന്, കുട്ടികളോടും ചെറുപ്പക്കാരോടുമൊപ്പം ദൈവവേലയിലോ ഒരു ജോലിയിലോ അല്ലെങ്കിൽ സന്നദ്ധ പ്രവർത്തനത്തിലോ പ്രവർത്തിക്കുന്നതിന് വ്യക്തികൾക്കുള്ള അനുയോജ്യതയും ഔചിത്യവും പരിഗണിക്കുന്ന തെരഞ്ഞെടുക്കലും റിക്രൂട്ട്മെന്റും സ്ക്രീനിംഗ് പ്രക്രിയകളും സജ്ജമാക്കിയിരിക്കുന്നു.

**ബാല സുരക്ഷാ പെരുമാറ്റച്ചട്ടം**

ഒരു നിശ്ചിത ബാല സുരക്ഷാ പെരുമാറ്റ സംഹിത, പുരോഹിതർക്കും ജീവനക്കാർക്കും സന്നദ്ധ പ്രവർത്തകർക്കും അവരുടെ ഇടവക, ഏജൻസി അല്ലെങ്കിൽ എന്റിറ്റി റോളിൽ കുട്ടികളും യുവജനങ്ങളുമായുള്ള അവരുടെ ഇടപെടലിന്റെ പശ്ചാത്തലത്തിൽ പ്രവർത്തിക്കുന്നതിനുള്ള മാർഗ്ഗദർശനം നല്കുന്നു.

**ഇൻഡക്ഷൻ**

ഇൻഡക്ഷൻ പ്രക്രിയകൾ, കുട്ടികളുടെയും യുവജനങ്ങളുടെയും സുരക്ഷിതത്വത്തിനു വേണ്ടിയുള്ള മനസ്സിലാക്കലിന്റേതും പ്രതിജ്ഞാബദ്ധതയുടേതുമായ ഒരു അടിസ്ഥാനം കെട്ടിപ്പടുക്കുന്നതിനുള്ള സുരക്ഷിതമാക്കൽ അവബോധം ഉൾപ്പെടുത്തുന്നു.

**സുരക്ഷിതമാക്കൽ പരിശീലനം**

കുട്ടികളുടെയും യുവജനങ്ങളുടെയും സുരക്ഷിതത്വം പ്രോത്സാഹിപ്പിക്കുന്നതിനും ഈ നയത്തിന് അനുസരിച്ച് അവരുടെ ഉത്തരവാദിത്തങ്ങൾ നിറവേറ്റുന്നതിനും

പുരോഹിതന്മാരെയും ജിവനക്കാരെയും സന്നദ്ധ പ്രവർത്തകരെയും സഹായിക്കുവാൻ, കുട്ടികളുടെയും യുവജനങ്ങളുടെയും സുരക്ഷിതമായ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുന്നതിന് പുരോഹിതന്മാരെയും ജിവനക്കാരെയും സന്നദ്ധ പ്രവർത്തകരെയും സജ്ജരാക്കുന്നതിനുള്ള ഒരു ശ്രേണി പരിശീലനവും വിദ്യാഭ്യാസ പ്രവർത്തനങ്ങളും CAM ലഭ്യമാക്കുന്നു.

**മേൽനോട്ടം**

കുട്ടികളോടും യുവജനങ്ങളോടുമൊപ്പം പ്രവർത്തിക്കുന്നത് ഉൾപ്പെടുന്ന റോളുകളിൽ ഉള്ളവർക്ക് കുട്ടികളുടെയും യുവജനങ്ങളുടെയും സുരക്ഷിതത്വം പ്രോത്സാഹിപ്പിക്കുന്നതും കുട്ടികൾക്കും യുവജനങ്ങൾക്കും ഹാനികരമായ പെരുമാറ്റം മനസ്സിലാക്കുന്നതിന് സഹായിക്കുന്നതുമായ രീതിയിൽ തങ്ങളുടെ റോളുകൾ ചെയ്യുന്നതിനുള്ള മേൽനോട്ടവും പിന്തുണയും നല്കുകയെന്നത് ഈ നയത്തിന്റെ ഒരു ആവശ്യകതയാണ്.

**സുരക്ഷിതമായ പരിപാടികളും പ്രവർത്തനങ്ങളും ഇവന്റുകളും**

**ബാല സുരക്ഷാ അപകടസാധ്യതാ മാനേജ്മെന്റ്**

ഉപദ്രവം ഉണ്ടാകുന്നതിനുള്ള അവസരങ്ങൾ പരമാവധി കുറയ്ക്കുന്നതിന് കുട്ടികളും യുവജനങ്ങളും ഉൾപ്പെടുന്ന പരിപാടികളും പ്രവർത്തനങ്ങളും സംഭവങ്ങളുമായി ബന്ധപ്പെട്ട അപകടസാധ്യത വ്യവസ്ഥാപരമായി തിരിച്ചറിയുകയും വിലയിരുത്തുകയും ചെയ്യുന്ന ഒരു അപകടസാധ്യതാ മാനേജ്മെന്റ് സമീപനം ഉപയോഗിക്കുന്നതിലൂടെ CAM ഇടവകകളും ഏജൻസികളും എന്റിറ്റികളും കുട്ടികളെയും യുവജനങ്ങളെയും സംരക്ഷിക്കുന്നു.

**ശീലവും പെരുമാറ്റ മാർഗ്ഗനിർദ്ദേശങ്ങളും**

അപകടസാധ്യതാ മാനേജ്മെന്റ് പ്രക്രിയ കൂടാതെ, കുട്ടികളും യുവജനങ്ങളും ഉൾപ്പെടുന്ന പരിപാടികളും പ്രവർത്തനങ്ങളും ഇവന്റുകളും നടത്തുന്നതുമായി ബന്ധപ്പെട്ട് ശീലത്തിലും പെരുമാറ്റ മാർഗ്ഗനിർദ്ദേശത്തിലും നല്കുന്ന മാർഗ്ഗദർശനം ഇടവകകളും ഏജൻസികളും എന്റിറ്റികളും ഉപയോഗപ്പെടുത്തുന്നു.

**ബാലപീഡനത്തോട് പ്രതികരിക്കുന്നതും ബാലപീഡനം റിപ്പോർട്ട് ചെയ്യുന്നതും**

കുട്ടികളുടെയും ചെറുപ്പക്കാരുടെയും സുരക്ഷിതത്വം പരമപ്രധാനമാണ്. ബാലപീഡനത്തെക്കുറിച്ചുള്ള എല്ലാ ഉത്കണ്ഠകളും ആരോപണങ്ങളും അല്ലെങ്കിൽ പരാതികളും ഗൗരവമായി എടുക്കുന്നതും, കുട്ടികളെയും യുവജനങ്ങളെയും സംരക്ഷിക്കുന്നതിനുള്ള Catholic Archdiocese of Melbourne ന്റെ ധാർമ്മികവും നൈതികവും നിയമപരവുമായ ബാദ്ധ്യതകൾക്ക് അനുരൂപമായി കൈകാര്യം ചെയ്യുന്നതുമായിരിക്കും.

വിക്ടോറിയയിൽ, ബാലപീഡനത്തോട് മുതിർന്നവർ എങ്ങനെ പ്രതികരിക്കണമെന്നത് നിയന്ത്രിക്കുന്നത് ചുവടെ പറയുന്ന നിയമമാണ്:

- ചിൽഡ്രൻ, യൂത്ത് ആൻഡ് ഫാമിലീസ് ആക്ട് 2005 (വിക്) *Children, Youth and Families Act 2005* (Vic)ഒരു കുട്ടിക്ക് എപ്പോഴാണ് സംരക്ഷണം ആവശ്യമുള്ളതെന്നും (സെ. 162) നമ്മുടെ സമുദായത്തിൽ ജോലി ചെയ്യുന്ന നിശ്ചിത ജോലിക്കാരുടെ നിർബന്ധിത റിപ്പോർട്ടിംഗ് ബാദ്ധ്യതകളും (സെ. 182, 184) നിർവചിക്കുന്നു.

- The *Child Wellbeing and Safety Act 2005* (Vic) (ചൈൽഡ് വെൽബീയിംഗ് ആൻഡ് സേഫ്റ്റി ആക്ട് 2005 (വിക്) Reportable Conduct Scheme.*റിപ്പോർട്ടബിൾ കോൺഡക്ട് സ്കീം പ്രതിപാദിക്കുന്നു.*
- ഒരു കുട്ടി അല്ലെങ്കിൽ യുവ വ്യക്തി ബാല ലൈംഗിക പീഡനത്തിനുള്ള അപകടസാധ്യതയിലാണെന്നോ ബാല ലൈംഗിക പീഡനം അനുഭവിച്ചുകൊണ്ടിരിക്കുന്നുവെന്നോ ന്യായമായ ഒരു വിശ്വാസം രൂപപ്പെട്ടിട്ടുണ്ടെങ്കിൽ റിപ്പോർട്ടിംഗുമായി ബന്ധപ്പെട്ട് നിയമപരമായ അധിക ഉത്തരവാദിത്തങ്ങൾ നല്കുന്ന സംരക്ഷിക്കുന്നതിനുള്ള പരാജയം ('failure to protect') (സെ. 490), വെളിപ്പെടുത്തുന്നതിനുള്ള പരാജയം ('failure to disclose') (സെ. 327) എന്നീ കുറ്റകൃത്യങ്ങൾ (ക്രൈംസ് ആക്ട് 1958 (വിക്) (*Crimes Act 1958* (Vic)) സൃഷ്ടിക്കുന്നു.

ബാല-സുരക്ഷിതത്വവുമായി ബന്ധപ്പെട്ട മോശമായ പെരുമാറ്റവും/ അല്ലെങ്കിൽ ബാലപീഡനവും സംബന്ധിച്ചുള്ള ഉത്കണ്ഠകളോടോ ആരോപണങ്ങളോടോ അല്ലെങ്കിൽ പരാതികളോടോ ഫലപ്രദമായി പ്രതികരിക്കുന്നതിനും വിക്ടോറിയ പോലീസ്, Child Protection (ചൈൽഡ് പ്രൊട്ടക്ഷൻ), ഡിപ്പാർട്ട്മെന്റ് ഓഫ് ഹെൽത് ആൻഡ് ഹ്യൂമൻ സർവീസസ് (Department of Health and Human Services), റിപ്പോർട്ടബിൾ കോൺഡക്ട് സ്കീം (Reportable Conduct Scheme), കമ്മീഷൻ ഫോർ ചിൽഡ്രൻ ആൻഡ് യങ് പീപ്പിൾ (Commission for Children and Young People) തുടങ്ങിയ ഉചിതമായ അധികൃതർക്ക് റിപ്പോർട്ട് ചെയ്യുന്നതിനുമുള്ള അതിന്റെ ധാർമ്മികവും നിയമപരവും നൈതികവുമായ ചുമതല CAM അംഗീകരിക്കുന്നു.

CAMന് ഉള്ളിലുള്ള കുട്ടികൾക്കും യുവജനങ്ങൾക്കും (അവരുടെ കുടുംബങ്ങൾക്കും) ഒരു ഉത്കണ്ഠ, ആരോപണം ഇവ റിപ്പോർട്ട് ചെയ്യുന്നതിനോ പ്രാപ്യവും ബഹുമാന്യവുമായ പ്രക്രിയകളിലൂടെ ഒരു പരാതി നല്കുന്നതിനോ ഉള്ള വിവരങ്ങളും പിന്തുണയും ഉണ്ട്.

ഒരു കുട്ടിയോ ചെറുപ്പക്കാരനോ പീഡനം അനുഭവിച്ചു, പീഡനം അനുഭവിച്ചുകൊണ്ടിരിക്കുന്നു, അല്ലെങ്കിൽ അവരുടെ സുവിശേഷ പ്രവർത്തനമോ ജോലിയോ ചെയ്യുമ്പോൾ ഹാനിയുണ്ടാകുന്നതിനുള്ള അപകടസാധ്യതയുണ്ട് എന്ന ന്യായമായ ഒരു വിശ്വാസം അവർക്ക് രൂപപ്പെട്ടിട്ടുള്ളപക്ഷം, CAM പുരോഹിതഗണവും ജീവനക്കാരും സന്നദ്ധ പ്രവർത്തകരും ഒരു റിപ്പോർട്ട് ഉണ്ടാക്കണമെന്നത് ഈ നയത്തിന്റെ ഒരു ആവശ്യകതയാണ്. കുട്ടികളെയും യുവജനങ്ങളെയും ഹാനിക്കുള്ള അപകടസാധ്യതയിൽ ആക്കുന്ന ബാലപീഡനമോ മോശമായ പെരുമാറ്റമോ റിപ്പോർട്ട് ചെയ്യാതിരിക്കുന്നത് സേഫ്ഗാർഡിംഗ് ചിൽഡ്രൻ ആൻഡ് യങ് പീപ്പിൾ പോളിസി (Safeguarding Children and Young People Policy)യുടെ ലംഘനമാണ്.

ഒരു ബാലപീഡന റിപ്പോർട്ട് ഉണ്ടാക്കുന്നതിൽ നിയമപരമായ അധികൃതർക്കും (Catholic Archdiocese of Melbourneന്റെ Professional Standards Unit (PSU)നും തക്ക സമയത്ത് അറിയിപ്പു കൊടുക്കുന്നത് (ന്യായമായ ഒരു വിശ്വാസം രൂപപ്പെട്ടുകഴിഞ്ഞാൽ, കുട്ടി അല്ലെങ്കിൽ ചെറുപ്പക്കാരനായ വ്യക്തി ആസന്നമായ അപകടത്തിൽ അല്ലെങ്കിൽ, സാധ്യമായത്രയും പെട്ടെന്ന്) ഉൾപ്പെടുന്നു.

PSU ന് റിപ്പോർട്ട് ചെയ്യുന്നത്, കുട്ടികളുടെയും യുവജനങ്ങളുടെയും സുരക്ഷിതത്വവുമായി ബന്ധപ്പെട്ടുള്ള ഉത്കണ്ഠകളോടും ആരോപണങ്ങളോടും പരാതികളോടും അതിരൂപതയിൽ ഉടനീളമുള്ള ഇടവകകളും ഏജൻസികളും

എന്റിറ്റികളും റിപ്പോർട്ട് ചെയ്യുകയും പ്രതികരിക്കുകയും ചെയ്യുന്നുവെന്ന് ഉറപ്പു വരുത്തുന്നു.

എല്ലാ റിപ്പോർട്ടുകളും **Child-safety Related Misconduct and/or Child Abuse Report Form (**ചൈൽഡ്-സേഫ്റ്റി റിലേറ്റഡ് മിസ്കോൺഡക്ട് / അല്ലെങ്കിൽ ചൈൽഡ് അബ്യൂസ് റിപ്പോർട്ട് ഫോമിലും (Child Abuse Report Form) രേഖപ്പെടുത്തേണ്ടതും സാധ്യമായത്രയും പെട്ടെന്ന് പ്രൊഫെഷണൽ സ്റ്റാൻഡേർഡ്സ് യൂണിറ്റിന് (Professional Standards Unit) - professional.standards@cam.org.au - ഇമെയിൽ ചെയ്യേണ്ടതുമാണ് -

വിക്ടോറിയയിൽ, ചുവടെ പറയുന്നവരാൽ ആരോപിക്കപ്പെടുന്ന ബാലപീഡനം:

- പുരോഹിതന്മാരാലും ജീവനക്കാരാലും സന്നദ്ധ പ്രവർത്തകരാലും ഉള്ളത് വിക്ടോറിയ പോലീസിനുള്ളിലുള്ള സെക്ഷ്വൽ ഒഫെൻസസ് ആൻഡ് ചൈൽഡ് അബ്യൂസ് ഇൻവെസ്റ്റിഗേഷൻ ടീം (എസ്.ഒ.സി.ഐ.ടി.)ക്ക് (Sexual Offences and Child Abuse Investigation Team (SOCIT) റിപ്പോർട്ട് ചെയ്യപ്പെടുന്നു.
- ഒരു കുടുംബാംഗത്താലുള്ളത് ഹെൽത്ത് ആൻഡ് ഹ്യൂമൻ സർവീസസിന്റെ (ഡി.എച്ച്.എച്ച്.എസ്.) ചൈൽഡ് പ്രൊട്ടക്ഷൻ ഡിപാർട്മെന്റിന് (Child Protection - Department of Health and Human Services (DHHS)) റിപ്പോർട്ട് ചെയ്യപ്പെടുന്നു.
- ഒരു കുട്ടിയാലോ യുവ വ്യക്തിയാലോ ഉള്ളത് Child Protection (DHHS) (ചൈൽഡ് പ്രൊട്ടക്ഷൻ (ഡി.എച്ച്.എച്ച്.എസ്.) (Child Protection - Department of Health and Human Services (DHHS)നും/ അല്ലെങ്കിൽ SOCIT (വിക്ടോറിയ പോലീസ്) നും റിപ്പോർട്ട് ചെയ്യപ്പെടുന്നു (ഉദാ. ലൈംഗികമായി ഹാനികരമായ പെരുമാറ്റം, ആക്രമണം, അതിക്രമം, ഓൺലൈൻ ചൂഷണം).

**വിക്ടോറിയ പോലീസ്**

സെക്ഷ്വൽ ഒഫെൻസസ് ആൻഡ് ചൈൽഡ്
അബ്യൂസ് ഇൻവെസ്റ്റിഗേഷൻ ടീം
(എസ്.ഒ.സി.ഐ.ടി.):

(Sexual Offences and Child Abuse Investigation Team (SOCIT))

www.police.vic.gov.au/content.asp?Document_ID=36448

**CHILD PROTECTION (DHHS)**
വടക്കും പടിഞ്ഞാറും (മെട്രോ) മേഖല :1300 664 9777
തെക്കൻ മേഖല :1300 655 795
കിഴക്കൻ മേഖല : 1300 360 391
പടിഞ്ഞാർ (ഗ്രാമീണ) മേഖല : 1800 075 599
പ്രവൃത്തി സമയത്തിനു ശേഷവും വാരാന്ത്യ ദിനങ്ങളും: 13 12 78

**കുട്ടികളുമായി ബന്ധപ്പെട്ട അപമര്യാദയും / അല്ലെങ്കിൽ ബാലപീഡനവും ആരോപിക്കപ്പെടുന്ന റിപ്പോർട്ടുകളുമായി ബന്ധപ്പെട്ട് PSU ന്റെ പങ്ക്**

കുട്ടികളുടെ സുരക്ഷിതത്വവുമായി ബന്ധപ്പെട്ട മോശം പെരുമാറ്റവും കുട്ടികളുടെയും യുവജനങ്ങളുടെയും സുരക്ഷിതത്വവും ക്ഷേമവുമായി ബന്ധപ്പെട്ട ബാലപാഡന റിപ്പോർട്ടുകളും ഏകോപിപ്പിക്കുന്നതിനും നിയമപരമായ അധികൃതരുമായി സമ്പർക്കം പുലർത്തുന്നതിനുമുള്ള ഉത്തരവാദിത്തം Professional Standards Unit (PSU) നാണ്.

ഉൾപ്പെട്ടിരിക്കുന്നവരുടെ സുരക്ഷിതത്വം പ്രോത്സാഹിപ്പിക്കുന്നതിനും അന്വേഷണ പ്രക്രിയയുടെ സത്യസന്ധത കാത്തു സൂക്ഷിക്കുന്നതിനും ആവശ്യമായ എന്തു പ്രവർത്തനവുമായും ബന്ധപ്പെട്ട് PSU (പി.എസ്.യു.) നയിക്കപ്പെടുന്നത് വിക്ടോറിയ പോലീസിന്റെയും/ അല്ലെങ്കിൽ ചൈൽഡ് പ്രൊട്ടക്ഷന്റെയും (Child Protection) ശുപാർശകളാലാണ്,

പുരോഹിതഗണത്തിന്റെയും, ജീവനക്കാരുടെയും സന്നദ്ധ പ്രവർത്തകരുടെയും സംശയിക്കപ്പെടുന്ന ബാലപീഡനത്തിന്റെ അല്ലെങ്കിൽ മോശം പെരുമാറ്റത്തിന്റെ ഇപ്പോഴത്തെയും ചരിത്രപരവുമായ സംഭവങ്ങൾ Commission for Children and Young People (CCYP) .(കമ്മീഷൻ ഫോർ ചിൽഡ്രൻ ആൻഡ് യങ് പീപ്പിൾ (സി.സി.വൈ.പി.) യെ അറിയിക്കുന്നതിന് Reportable Conduct Scheme-നു കീഴിൽ CAM ന് നിയമപരമായ ഒരു ഉത്തരവാദിത്തമുണ്ട്.

ഗുരുതരമായ മോശം പെരുമാറ്റവും/ അല്ലെങ്കിൽ ക്രിമിനൽ പെരുമാറ്റവും Reportable Conduct Scheme (Commission for Children and Young People) റിപ്പോർട്ടബിൾ കോൺഡക്ട് സ്കീമിനും (കമ്മീഷൻ ഫോർ ചിൽഡ്രൻ ആൻഡ് യങ് പീപ്പിൾ) /അല്ലെങ്കിൽ വിക്ടോറിയ പോലീസിനും റിപ്പോർട്ട് ചെയ്യുന്നതും ആന്തരിക അന്വേഷണത്തിനും അച്ചടക്ക നടപടിക്കും (/അല്ലെങ്കിൽ പുരോഹിതഗണത്തിലെ അംഗങ്ങൾക്ക് കാനോൻ നിയമത്തിന്റെ (Canon Law) ആവശ്യകതയ്ക്കു വിധേയമായി ഭരണപരമായ നടപടിക്കും) വിധേയമാക്കുന്നതുമായിരിക്കും.

അച്ചടക്ക നടപടി നിർണ്ണയിക്കുന്നത് മോശം പെരുമാറ്റത്തിന്റെ ഗൗരവം അനുസരിച്ചാണ്.
ജീവനക്കാരുടെയും സന്നദ്ധ പ്രവർത്തകരുടെയും കാര്യത്തിലുള്ള അച്ചടക്ക നടപടിയിൽ ചുവടെ പറയുന്നവ ഉൾപ്പെട്ടേക്കാം:

- കൗൺസിലിംഗ്
- പരിശീലനം
- വാക്കാലോ രേഖാമൂലമോ ഉള്ള ശാസന
- സസ്പെൻഷൻ (ശമ്പളത്തോടുകൂടിയോ അല്ലാതെയോ)
- പിരിച്ചു വിടൽ.

പുരോഹിതഗണത്തിന്റെ കാര്യത്തിൽ, അച്ചടക്ക നടപടിയും/ അല്ലെങ്കിൽ ഭരണപരമായ നടപടിയും കാനോനിക നിയമമനുസരിച്ച് പരിഗണിക്കപ്പെടുന്നതും ചുവടെ പറയുന്നവ ഉൾപ്പെട്ടേക്കാവുന്നതുമാണ്:

- പാസ്റ്ററൽ സൂപ്പർവിഷൻ
- കൗൺസിലിംഗ്
- ഫാക്കൽറ്റികളുടെ സസ്പെൻഷൻ

- ഫാക്കൽറ്റികളുടെ സ്ഥിരമായ നീക്കം ചെയ്യൽ
- ഒരു ശിക്ഷാവിധിക്കോ ക്ലെറിക്കൽ സ്ഥിതിയിൽ നിന്നുള്ള പിരിച്ചുവിടലിനോ (ലെയ്സിസേഷൻ) വേണ്ടി ഹോളി സീ യ്ക്കു ശുപാർശ ചെയ്യുക
- സഭയിൽ നിന്ന് പുറത്താക്കുക.

ബാലപീഡന റിപ്പോർട്ടുമായി ബന്ധപ്പെട്ട രഹസ്യാത്മകതയും സ്വകാര്യതയും സ്വാഭാവിക നീതിയുടെയും കുട്ടികളെയും യുവജനങ്ങളെയും സംരക്ഷിക്കുന്നതിനുള്ള നമ്മുടെ ശ്രദ്ധയ്ക്കുള്ള ചുമതലയുടെയും തത്വങ്ങൾക്ക് അനുയോജ്യമായി സൂക്ഷിക്കുന്നതായിരിക്കും.

ഒരു റിപ്പോർട്ടിൽ ഉൾപ്പെട്ടിരിക്കുന്ന എല്ലാ കക്ഷികളുടെയും സുരക്ഷിതത്വത്തിനും പിന്തുണയ്ക്കുമുള്ള ആവശ്യങ്ങൾ ഈ പ്രക്രിയയുടെ ഭാഗമായി പരിഗണിക്കപ്പെടുന്നതും പരിഹരിക്കുന്നതും ആയിരിക്കും.

അതിരൂപതയിലുടനീളം കുട്ടികളുടെയും യുവജനങ്ങളുടെയും സുരക്ഷിതത്വവും ക്ഷേമവുമായി ബന്ധപ്പെട്ട നോട്ടപ്പിഴവ് ആർച്ച്ബിഷപ്പിന് ലഭ്യമാക്കുന്നതിന് കുട്ടികളുടെ സുരക്ഷയുമായി ബന്ധപ്പെട്ട മോശം പെരുമാറ്റവും /അല്ലെങ്കിൽ ബാലപീഡനവും പി.എസ്.യു. കേന്ദ്രീയമായി രേഖപ്പെടുത്തുകയും നിരീക്ഷിക്കുകയും ചെയ്യും.

**പ്രൊഫഷണൽ സ്റ്റാൻഡേർഡ്സ് യൂണിറ്റ് (PROFESSIONAL STANDARDS UNIT)**

- പ്രവൃത്തി സമയം: തിങ്കൾ മുതൽ വെള്ളി വരെ രാവിലെ 9 മുതൽ വൈകുന്നേരം 5 വരെ
- ഫോൺ: 9926 5630
- ഇമെയിൽ: professional.standards@cam.org.au